# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ഭാരതത്തിലെ ഏറ്റവും ജൈവവൈവിധ്യ സമ്പുഷ്ടമായ പ്രദേശങ്ങളിലൊന്നാണ് കേരളം. വന്യ ജൈവവൈവിധ്യത്തിലും വീട്ടുവളപ്പിലെ കാർഷിക ജൈവവൈവിധ്യത്തിലും നമ്മുടെ നാട് മുന്നിലാണ്. മാത്രമല്ല തനതായ ഒട്ടേറെ ജീവജാലങ്ങളുടെ ഈറ്റില്ലവുമാണ് കേരളം.

രാജ്യത്തിന്റെ വിലപ്പെട്ട ജൈവസമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2002–ൽ ജൈവവൈവിധ്യ നിയമത്തിന് രൂപം നൽകി. ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരണമായി 2005 ഫെബ്രുവരിയിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിലവിൽ വന്നു. സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ കീഴിലാണ് ബോർഡ് പ്രവർത്തിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണവും ജൈവസമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗവും സംസ്ഥാനത്ത് ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന, സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്. ജനിതകവൈവിധ്യം, സ്പീഷിസുകളുടെ വൈവിധ്യം, ആവാസവ്യവസ്ഥകളുടെ ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുമായി ബോർഡ് മുന്നേറുന്നു.

2002–ലെ കേന്ദ്ര ജൈവവൈവിധ്യ നിയമവും 2008–ൽ സംസ്ഥാനസർക്കാർ രൂപീകരിച്ച സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളും പ്രകാരമാണ് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പ്രവർത്തിക്കുന്നത്. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാന സർക്കാരിനുവേണ്ട ഉപദേശം നൽകുക, ജൈവസമ്പത്തിന്റെ വാണിജ്യ ഉപയോഗവുമായി ബന്ധപ്പെട്ടുള്ള നേട്ടങ്ങൾ പ്രാദേശിക സമൂഹത്തിനുകൂടി ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക, ജൈവസമ്പത്തിന്റെ വാണിജ്യ ഉപയോഗം, ജൈവസമ്പത്തിന്റെ സർവേ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഭാരതീയരായ വ്യക്തികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുക എന്നിവയ്ക്കൊപ്പം മേൽപ്പറഞ്ഞ നിയമവും ചട്ടങ്ങളും വിവക്ഷിക്കുന്ന മറ്റ് പ്രവർത്തനങ്ങളും നടത്താൻ ചുമതലപ്പെട്ട സ്ഥാപനമാണ് ജൈവവൈവിധ്യ ബോർഡ്.





## ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ

ജൈവവൈവിധ്യ ബോർഡിന്റെ മുഖ്യ പ്രവർത്തനങ്ങളിലൊന്നാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ. പ്രാദേശിക ജൈവവൈവിധ്യത്തിന്റെയും അതുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനത്തിന്റെയും ആധികാരികരേഖയാണ് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും രൂപീകൃതമായ ജൈവവൈവിധ്യ പരിപാലനസമിതികളുടെ ആഭിമുഖ്യത്തിലാണ് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നത്.

സമുദ്ര ജൈവവൈവിധ്യ രജിസ്റ്ററുകളുടെ രൂപീകരണത്തിനും ബോർഡ് പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്.

## സംരക്ഷണ പദ്ധതികൾ

അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ സംരക്ഷണപ്രവർത്തനങ്ങൾക്ക് ജൈവവൈവിധ്യബോർഡ് പ്രാധാന്യം നൽകുന്നു. കടലാമകളെ, അവ മുട്ടയിടാനെത്തുന്ന കടൽത്തീരങ്ങളിലും മറ്റും സംരക്ഷിക്കുക, മൺസൂൺകാലത്ത് മുട്ടയിടാൻ എത്തുന്ന മത്സ്യങ്ങൾക്ക് സുരക്ഷിതമായി പെരുകാൻ സാഹചര്യമൊരുക്കുക, നാടിന്റെ തനതായ നെൽവിത്തുകൾ, കിഴങ്ങുവർഗ്ഗയിനങ്ങൾ എന്നിവയെ സംരക്ഷിക്കുക, വെച്ചൂർ, ചെറുവള്ളി, അട്ടപ്പാടി കറുത്ത ആട് തുടങ്ങിയ നാടൻ കന്നുകാലിയിനങ്ങളെ സംരക്ഷിക്കുന്നവർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുക എന്നീ പ്രവർത്തനങ്ങൾ ബോർഡ് നടപ്പാക്കുന്നുണ്ട്.

## പരിസ്ഥിതി പുന:സ്ഥാപനം

പ്രകൃത്യായുള്ളതും മനുഷ്യനിർമ്മിതവുമായ ആവാസവ്യവസ്ഥകൾ പല വിധത്തിലുള്ള ഭീഷണികൾ നേരിടുന്നുണ്ട്. ഇത് പ്രാദേശിക ജൈവവൈവിധ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ഭൂഗർഭജലലഭ്യതയെയും പ്രാദേശികമായ കാലാവസ്ഥയെയും ഇവയുടെ ശോഷണം ദോഷകരമായി ബാധിക്കുന്നുണ്ട്. ഉപയോഗശൂന്യമായ ക്വാറികളെ ജലസംഭരണികളാക്കുകയും അവിടുത്തെ ജൈവവൈവിധ്യത്തെ പുന:സ്ഥാപിക്കുക, നഗരങ്ങളിലെ മലിനീകരിക്കപ്പെട്ട കുളങ്ങൾ ശുദ്ധീകരിച്ച് ചുറ്റും അലങ്കാരസസ്യങ്ങളും ഔഷധസസ്യങ്ങളും നട്ട് ഹരിതാഭമാക്കി നിലനിർത്തുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക വഴി പ്രാദേശിക കാർഷിക ജൈവവൈവിധ്യം പുനരുജ്ജീവിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പരിസ്ഥിതി പുനസ്ഥാപനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്നു. അധിനിവേശ സസ്യങ്ങളെയും മറ്റും നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രാദേശിക ജൈവവൈവിധ്യത്തിനുണ്ടാകുന്ന ഭീഷണി തടയാനും ബോർഡ് യത്നിക്കുന്നു.

## ജൈവവൈവിധ്യ ഗവേഷണം

ജൈവവൈവിധ്യത്തെ സംബന്ധിച്ചും അതു നേരിടുന്ന ഭീഷണികളെക്കുറിച്ചും ഗൗരവകരമായ പഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിന് ആക്കം കൂട്ടാൻ ഒരു ജൈവവൈവിധ്യ ഗവേഷണകേന്ദ്രം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഫീൽഡ്തലത്തിലും സൂക്ഷ്മതലത്തിലുമുള്ള ജൈവവൈവിധ്യ ഗവേഷണത്തിന് ഈ സംവിധാനം സഹായകരമാകും. ഇതിന്റെ ഭാഗമായി അപൂർവമായ വിളകളുടെ വിത്തുകൾ ശേഖരിച്ച് വിത്തുബാങ്കും സജ്ജമാക്കുന്നുണ്ട്.





## ജൈവവൈവിധ്യ പഠനം

യുവതലമുറയിൽ ജൈവവൈവിധ്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് ബോർഡ് പല പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിദ്യഭ്യാസസ്ഥാപനങ്ങളിൽ ജൈവവൈവിധ്യ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ ആഭിമുഖ്യത്തിൽ അപൂർവ സസ്യജാലത്തിന്റെ സമുച്ചയമായ 'ശാന്തിസ്ഥൽ' സജ്ജമാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ രജിസ്റ്ററിനെ അടിസ്ഥാനമാക്കിയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ജൈവവൈവിധ്യ പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു. കുട്ടികളുടെ സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സ് എല്ലാ വർഷവും നടത്തുന്നുണ്ട്.

## ബോധവൽക്കരണ പ്രവർത്തനങ്ങൾ

സാമാന്യജനങ്ങൾക്കിടയിൽ ജൈവവൈവിധ്യത്തെ സംബന്ധിച്ച് ബോധവൽക്കരണമുണ്ടാക്കുന്നതിനായി പല പ്രവർത്തനങ്ങൾ ബോർഡ് നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമതലത്തിൽ മുതൽ ദേശീയതലത്തിൽ വരെയുള്ള പ്രദർശനങ്ങളിൽ ബോർഡ് പങ്കെടുക്കുന്നു. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, വാർത്താപത്രികകൾ എന്നിവ ബോർഡ് സൗജന്യമായി ലഭ്യമാക്കുന്നു. ജൈവവൈവിധ്യം വിഷയമായുള്ള ഡോക്യുമെന്ററികൾ ബോർഡ് നിർമ്മിച്ച് സംപ്രേഷണം ചെയ്യുന്നുണ്ട്. സെമിനാറുകൾ, കർഷകസംഗമങ്ങൾ, പരിസ്ഥിതി സംഘടനാ സംഗമങ്ങൾ, ശിൽപ്പശാലകൾ എന്നിവയും സംഘടിപ്പിക്കുന്നു. ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ്, ദേശീയജൈവവൈവിധ്യ പ്രദർശനം എന്നിവയും ജൈവവൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. അന്താരാഷ്ട്ര ജൈവവൈവിധ്യദിനം, പരിസ്ഥിതിദിനം തുടങ്ങിയ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിവസങ്ങൾ ഉചിതമായി കൊണ്ടാടുകയും ചെയ്യുന്നു.

## ജൈവവൈവിധ്യ പൈതൃകങ്ങൾ

അപൂർവമായ ജീവജാലങ്ങളുള്ള പ്രദേശങ്ങളാണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കപ്പെടുന്നത്. ഇത്തരത്തിൽ ഈ മേഖലകൾക്ക് ഉയർന്ന സംരക്ഷണം ഉറപ്പാക്കാനാവും. കേരളത്തിൽ പ്രത്യേക കേന്ദ്രങ്ങൾ കണ്ടെത്തി പ്രഖ്യാപിക്കാനുള്ള പ്രവർത്തനം ബോർഡ് നടത്തുന്നുണ്ട്.

## ജൈവവൈവിധ്യ പുരസ്കാരങ്ങൾ

ജൈവവൈവിധ്യ സംരക്ഷണരംഗത്ത് ഗണ്യമായ സംഭാവനകൾ നൽകിയ വ്യക്തികൾ, പരിസ്ഥിതി സംഘടനകൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ, വിദ്യാലയങ്ങൾ തുടങ്ങി 13 വിഭാഗങ്ങളിലായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എല്ലാ വർഷവും ജൈവവൈവിധ്യ പുരസ്കാരങ്ങൾ നൽകുന്നുണ്ട്. വ്യക്തിഗത അവാർഡിൽ നാട്ടറിവുകളുടെ സംരക്ഷകർ, പരിസ്ഥിതി സംരക്ഷകർ, പരിസ്ഥിതി മാധ്യമപ്രവർത്തകർ, നാടൻ വിളയിനങ്ങളുടെ / കന്നുകാലിയിനങ്ങളുടെ സംരക്ഷകർ തുടങ്ങി പല വിഭാഗങ്ങളിലായി അവാർഡ് നൽകുന്നു.

## അപൂർവ ജീവജാലങ്ങളുടെ വിവരശേഖരണം

സംസ്ഥാനത്തെ വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ച് നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയെ അറിയിക്കുക വഴി ഇവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനവും ബോർഡ് നടത്തുന്നുണ്ട്.

പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഉപദേശങ്ങൾ

മാനുഷികമായ പ്രവർത്തനങ്ങളിലൂടെ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഉപദേശം നൽകുന്ന പ്രവർത്തനങ്ങളും ബോർഡ് നടത്തുന്നു. തന്ത്രപ്രധാനമായ പല റിപ്പോർട്ടുകളുടെയും രൂപീകരണത്തിനുവേണ്ട സഹായവും ബോർഡ് നൽകുന്നു. സംസ്ഥാന ജൈവകൃഷിനയം ഉൾപ്പെടെ പല സുപ്രധാന നയങ്ങളുടെ രൂപീകരണത്തിലും ബോർഡ് പങ്കുവഹിച്ചിട്ടുണ്ട്.











## ജൈവവൈവിധ്യ ഫണ്ട്

വാണിജ്യാടിസ്ഥാനത്തിൽ ജൈവസമ്പത്തുകൾ ഉപയോഗപ്പെടുത്തുന്നവർ ലാഭത്തിന്റെ ഒരു വിഹിതം സംസ്ഥാന ജൈവവൈവിധ്യ ഫണ്ടിൽ അടയ്ക്കാൻ ബാധ്യസ്ഥരാണ്. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ തുക വിനിയോഗിക്കും.

## ജൈവവൈവിധ്യ പാർക്ക്

കേരളത്തിന്റെ സമ്പുഷ്ടമായ ജൈവവൈവിധ്യത്തെക്കുറിച്ച് സാമാന്യജനങ്ങളിൽ അവബോധമുണ്ടാക്കാൻ തിരുവനന്തപുരം വള്ളക്കടവിൽ ഒരു ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനം ആദ്യ ഘട്ടത്തിലാണ്.

കേരളത്തിന്റെ ജൈവവൈവിധ്യത്തിന്റെ ഒരു നേർക്കാഴ്ചയായിരിക്കും ഈ പാർക്ക്.



KERALA STATE
BIODIVERSITY BOARD

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എൽ – 14, ജയ് നഗർ, മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം – 695 011
ഫോൺ: 0471 – 2554740

www.keralabiodiversity.org
keralabiodiversity@gmail.com



# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്